# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 80 | 28/02/2018 - ൽ മറുപടിക്ക്

### ഇ.എസ്.ഐ. ആശുപത്രികളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.എൻ. ഷംസുദ്ദീൻ**<br>**ശ്രീ.അബ്ദുൽ ഹമീദ് പി.**<br>**ശ്രീ.പി.കെ.അബ്ദു റബ്ബ്**<br>**ശ്രീ.പാറക്കൽ അബ്ദുല്ല** | **ശ്രീ.ടി.പി.രാമകൃഷ്ണൻ**<br>**(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്തെ ഇ.എസ്.ഐ. ആശുപത്രികളിൽ നിന്നും തൊഴിലാളികൾക്ക് ലഭിക്കുന്ന സേവനങ്ങൾ അപര്യാപ്തമാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി) ഇ.എസ്.ഐ. ആശുപത്രികളുടേയും ഡിസ്പൻസറികളുടേയും പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (ബി) ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിന്റെ പരിധിയിലുള്ള 9 ഇ.എസ്.ഐ ആശുപത്രികളും 143 ഇ.എസ്.ഐ ഡിസ്പെൻസറികളും നേരിടുന്ന പ്രശ്നങ്ങൾ മനസ്സിലാക്കി പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിന് 14.12.2016 ലെ സ.ഉ(സാ) നം. 1539/16/തൊഴിൽ പ്രകാരം മൂന്നംഗ കമ്മിറ്റി രൂപീകരിച്ചിരുന്നു. ടി കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.<br><br>ഇ.എസ്.ഐ ആശുപത്രികളുടെയും ഡിസ്പെൻസറികളുടെയും പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി ഓരോ സ്ഥാപനത്തിലും ടി സ്ഥാപനത്തിലെ ജീവനക്കാരെ ഉൾപ്പെടുത്തി ഒരു വെൽഫെയർ കമ്മിറ്റി 21.12.2017 ലെ സ.ഉ(കൈ)നം. 107/17/തൊഴിൽ പ്രകാരം രൂപീകരിച്ചിട്ടുണ്ട്.<br><br>തൊഴിലാളികൾക്ക് ആധുനിക ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കുവാൻ ലക്ഷ്യമിട്ട് മുളങ്കുന്നത്തുകാവ് ഇ.എസ്.ഐ ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് അനുവദിച്ചിട്ടുണ്ട്. |

അതിനൊപ്പം ഫറോക്ക്, പേരൂർക്കട ആശുപത്രികളിൽ കീമോതെറാപ്പി യൂണിറ്റ് ആരംഭിക്കുവാൻ അനുമതി നൽകിയിട്ടുണ്ട്.

സംസ്ഥാനത്തെ 9 ഇ.എസ്.ഐ ആശുപത്രികളിലും കമ്പ്യൂട്ടറൈസ്ഡ് റേഡിയോഗ്രാഫി യൂണിറ്റുകൾ സ്ഥാപിച്ചു വരുന്നു. എല്ലാ ഇ.എസ്.ഐ ഡിസ്പെൻസറികളിലും ഇന്റർനെറ്റ് സൗകര്യത്തോടെയുള്ള ടെലിഫോൺ കണക്ഷൻ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇ.എസ്.ഐ ഡിസ്പെൻസറികളിലും, ആശുപത്രികളിലും ടോക്കൺ സിസ്റ്റം സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു. ഇ.എസ്.ഐ ആശുപത്രികളിൽ ഫാർമസി ഔട്ട് ലെറ്റ് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ആശുപത്രികളിലും, ഡിസ്പെൻസറികളിലുമായി അനസ്തേഷ്യാ വർക്ക് സ്റ്റേഷൻ, ഓപ്പറേഷൻ ടേബിൾ, ഇ.സി.ജി മെഷീൻ, ആട്ടോക്ലേവ് മെഷീൻ, ഒ.ടി ലൈറ്റ്, ഓക്സിജൻ കോൺസൻട്രേറ്റർ, മൾട്ടിപാരാമോണിറ്റർ എന്നീ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഫറോക്ക് ഇ.എസ്.ഐ ആശുപത്രി കേന്ദ്രമാക്കി ഒരു റീജിയണൽ ലാബ് പ്രവർത്തനം ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. സൂപ്പർ സ്പെഷ്യാലിറ്റി റഫറൻസ് ഓൺലൈൻ വഴി നൽകുന്നുണ്ട്. റേറ്റ് കോൺട്രാക്ടിൽ ഉൾപ്പെടാത്ത മരുന്നുകൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിൽ നിന്ന് വാങ്ങി വിതരണം ചെയ്യുന്നുണ്ട്. ഡിസ്പെൻസറികൾക്കും ആശുപത്രികൾക്കും ആവശ്യമായ ഉപകരണങ്ങൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് മുഖേന വാങ്ങുന്നുണ്ട്. പത്തു ജില്ലകളിലായി 14 എൻ.സി.ഡി ക്ലിനിക്കുകൾ ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. കൂടാതെ 2017-18 പ്രോജക്ട് ഇംപ്ലിമെന്റേഷൻ പ്ലാനിൽ ഉൾപ്പെടുത്തിയ താഴെകൊടുക്കുന്ന പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

- സീനിയർ റസിഡന്റ്സ്, ഫാർമസിസ്റ്റ് നിയമനം.
- ലബോറട്ടറി നവീകരണം
- ആംബുലൻസ് സംവിധാനം
- മുളങ്കുന്നത്തുകാവ് ഇ.എസ്.ഐ ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ്

| | | |
|---|---|---|
| | | • പാലക്കാട്, ഫറോക്ക്, ആലപ്പുഴ ഇ.എസ്.ഐ ആശുപത്രികളിൽ ആയുഷ് യൂണിറ്റ്<br>• VIBGYOR പവർ ലോൺട്രി<br>• ഫറോക്ക്, പേരൂർക്കട ഇ.എസ്.ഐ ആശുപത്രികളിൽ കീമോ തെറാപ്പി യൂണിറ്റ്<br>• ഫ്രണ്ട് ഓഫീസ് & sign board at ESI Hospitals.<br>• ആശുപത്രികളിൽ സൂപ്പർ സ്പെഷ്യാലിറ്റി ഒ.പി |
| (സി) | തൊഴിലാളികൾക്ക് പരമാവധി ചികിത്സാസഹായം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ? | (സി) നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ആയതിന്റെ ഭാഗമായി ഇ.എസ്.ഐ ആശുപത്രികളിൽ ലഭ്യമല്ലാത്ത സ്പെഷ്യാലിറ്റി, സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സ നൽകുവാൻ പ്രൈവറ്റ് ആശുപത്രികളുമായി കരാറിലേർപ്പെട്ടിട്ടുണ്ട്. സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സയ്ക്കായി 47 ആശുപത്രികളും, സ്പെഷ്യാലിറ്റി ചികിത്സയ്ക്കായി 35 ആശുപത്രികളും എംപാനൽ ചെയ്തിട്ടുണ്ട്. ജനിതകരോഗങ്ങൾ, കാൻസർ, വൃക്ക, കരൾ സംബന്ധമായ അസുഖങ്ങൾക്കുള്ള മരുന്നുകൾ, സ്പെഷ്യൽ ഇന്റന്റ് മുഖേന രോഗികൾക്ക് നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ